(ബി) ഉണ്ട്. രാസപരിശോധന റിപ്പോർട്ട് നൽകുന്നതിനുള്ള കാലതാമസം പ്രധാനമായും സ്റ്റാഫിന്റെ അഭാവംമൂലമാണെന്നു കാണുകയാൽ നിലവിലുള്ള മൂന്നു ലാബോറട്ടറികളിലും സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിനായി ജി. ഒ. (എം.എസ്.) 247/04/ ആഭ്യന്തരം തീയതി 21-7-2004 പ്രകാരം താഴെപ്പറയുന്ന അധിക തസ്തികകൾ അനുവദിക്കുകയുണ്ടായി:

1.	അസി. കെമിക്കൽ എക്സാമിനർ	..	1
2.	ജൂനിയർ സയന്റിഫിക് ഓഫീസർ	..	4
3.	ടെക്നിക്കൽ അസിസ്റ്റന്റ്	..	7
4.	ബോട്ടിൽ ക്ലീനർ	..	1
5.	എൽ. ഡി. സി.	..	1

കൂടാതെ നിലവിലുള്ള ലാബോറട്ടറികൾ ആധുനികവൽക്കരിക്കുന്നതിനായി പുതിയ ഉപകരണങ്ങൾ വാങ്ങുകയുണ്ടായി. (ലിസ്റ്റ് അനുബന്ധമായി † വയ്ക്കുന്നു.) പ്രസ്തുത ഉപകരണങ്ങൾ വാങ്ങിയശേഷം ഏറ്റവും ആധുനികമായ പരിശോധനാ രീതികൾ അവലംബിക്കാനും മറ്റു ലബോറട്ടറികളെ ആശ്രയിച്ചു നടത്തിയിരുന്ന പരിശോധനകളുടെ കാലതാമസം ഒഴിവാക്കാനും കഴിയുന്നുണ്ട്. കമ്പ്യൂട്ടർ നിയന്ത്രിതമായ ആധുനിക ഉപകരണങ്ങൾ കൊണ്ട് ചുരുങ്ങിയ സമയത്തിൽ അന്തിമ പരിശോധനാ ഫലം ലഭ്യമാക്കുന്നുണ്ട്.

(സി) ഉണ്ട്.

(ഡി) 1-2-2005-ലെ കണക്കനുസരിച്ച് ആകെ 30553 കേസുകളിലായി 103441 ആർട്ടിക്കിൾസ് പരിശോധനയ്ക്കായി അവശേഷിക്കുന്നുണ്ട്.

തടവുകാർക്ക് പരോൾ അനുവദിക്കുന്നതിലുള്ള ക്രമക്കേടുകൾ

7 [*274] ശ്രീ. എ. സി. മൊയ്തീൻ :
,, എം. വി. ഗോവിന്ദൻ മാസ്റ്റർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ജയിലുകളിൽ തടവുകാർക്ക് പരോൾ അനുവദിക്കുന്നതിൽ നടക്കുന്ന ക്രമക്കേടുകളെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(സി) സംസ്ഥാനത്തെ ജയിലുകളിലെ തടവുകാർക്ക് പരോൾ അനുവദിക്കുന്ന വ്യവസ്ഥകൾക്ക് സർക്കാർ എന്തെങ്കിലും ഭേദഗതി വരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

† അനുബന്ധം I

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി):

(എ) ഉണ്ട്.

(ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 400/2001 നമ്പരായി സ്വമേധയാ എടുത്ത കേസിന്റെ ഉത്തരവ് അനുസരിച്ച് 1996 മുതൽ 2001 വരെയുള്ള കാലയളവിൽ 400 ദിവസത്തിൽ കൂടുതൽ പരോൾ അനുവദിച്ച തടവുകാരെ സംബന്ധിച്ച വിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സർക്കാർ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് നിർദ്ദേശം നൽകുകയും അതനുസരിച്ച് ലഭിച്ച റിപ്പോർട്ടിൽ 1996 മുതൽ 2001 വരെയുള്ള കാലയളവിൽ കേരള ജയിൽ ചട്ടങ്ങളിലേയും മാനുവലിലേയും നിബന്ധനകൾക്ക് വിരുദ്ധമായി തടവുകാർക്ക് പരോൾ നൽകിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിച്ചുവരുന്നു.

(സി) പരോൾ വ്യവസ്ഥകളിൽ ഭേദഗതി വരുത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

നദീജലത്തർക്കം സംബന്ധിച്ച ചർച്ച

8 [*275] ശ്രീ. ലൂഡി ലൂയിസ് :
,, കെ. മുഹമ്മദാലി :
,, കെ. അച്ചുതൻ :
,, എ. കെ. മണി :
,, ടി. യു. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീജലത്തർക്കം സംബന്ധിച്ച് ചീഫ് സെക്രട്ടറിതലത്തിൽ 18-12-2004-ൽ നടത്തിയ ചർച്ചയിൽ തമിഴ്നാട് ഉന്നയിച്ച കാര്യങ്ങൾ എന്തെല്ലാമാണ്;

(ബി) കേരളം എന്തെല്ലാം കാര്യങ്ങൾ ഉന്നയിച്ചു ;

(സി) ഇതുവരെ കേരളത്തിന് കിട്ടേണ്ടിയിരുന്ന ജലം വിട്ടുതരാതിരുന്നതിനുള്ള കോമ്പൻസേഷൻ വേണമെന്ന് കേരളം ആവശ്യപ്പെട്ടിരുന്നോ ;

(ഡി) ഇല്ലെങ്കിൽ എന്തുകൊണ്ടെന്നും ഇനി നടക്കുന്ന ചർച്ചകളിൽ ഇക്കാര്യം ഉന്നയിക്കുമോയെന്നും വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ) പറമ്പിക്കുളം ആളിയാർ കരാറിൽ വ്യവസ്ഥ ചെയ്തിട്ടുള്ളപ്രകാരം ആനമലയാറിൽ നിന്നും 2.5 ടി. എം. സി. വെള്ളം തമിഴ്നാട്ടിലേക്ക് തിരിച്ചുവിടുന്നതിന് വേണ്ടിയുള്ള വിയറിന്റെ നിർമ്മാണത്തിനുള്ള ഇൻവെസ്റ്റിഗേഷൻ ജോലികൾ ചെയ്യാൻ സമ്മതിക്കണമെന്നാണ് പ്രധാനമായി ഉന്നയിച്ച ആവശ്യം. ആനമലയാറിൽ നിന്നുള്ള 2.5 ടി.എ.സി.ജലം വിട്ടുകൊടുക്കുന്നതിനു പുറമേ നീരാറിൽ നിന്നും ഇപ്പോൾ കേരളത്തിന് ഒക്ടോബർ ഒന്നു മുതൽ ജനുവരി 31 വരെ ലഭിച്ചുകൊണ്ടിരിക്കുന്ന ജലം തമിഴ്നാടിനു പൂർണ്ണമായി എടുക്കുവാൻ സമ്മതിക്കണമെന്ന ആവശ്യവും ഉന്നയിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly